# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്രചിഹ്നം ഇടാത്ത ചോദ്യം നമ്പർ. 1340** **02.03.2017-ൽ മറുപടിയ്ക്ക്**

## റവന്യൂ റിക്കവറി കുടിശ്ശിക

| | ചോദ്യം | ഉത്തരം |
|---|---|---|
| | ശ്രീ. മഞ്ഞളാംകുഴി അലി | ശ്രീ.ഇ. ചന്ദ്രശേഖരൻ (ബഹു. റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) | റവന്യൂ റിക്കവറി കുടിശ്ശിക തവണകളാക്കി ഒടുക്കുന്നതിന് അനുമതി നൽകുന്നതിന് ആരെയൊക്കെയാണ് അധികാരപ്പെടുത്തിയിട്ടുള്ളത്; | 14.3.2002-ലെ സ.ഉ(കൈ)37/2002/റവ, 29.5.2012-ലെ സ.ഉ(കൈ)217/2012/റവ, 17.01.2017 -ലെ സ.ഉ(കൈ) നം.20/17/റവ എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം റവന്യൂ റിക്കവറി കുടിശ്ശിക തവണകളാക്കി ഒടുക്കുന്നതിന് അനുമതി നൽകുന്നതിന് തഹസീൽദാർ, ജില്ലാ കളക്ടർ, റവന്യൂ മന്ത്രി, ധനകാര്യ മന്ത്രി, മുഖ്യമന്ത്രി എന്നിവരെ അധികാരപ്പെടുത്തിയിട്ടുള്ളതാണ്. |
| (ബി) | ഓരോ അധികാരികൾക്കും കുടിശ്ശിക തവണകളാക്കുന്ന തിന് നിശ്ചയിച്ചിട്ടുള്ള തുക യുടെ പരിധി എത്രയാണെന്ന് വ്യക്തമാക്കുമോ; | 17.01.2017 -ലെ സ.ഉ(കൈ) നം.20/17/റവ പ്രകാരം ഓരോ അധികാരികൾക്കും കുടിശ്ശിക തവണകളാക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള സാമ്പത്തിക പരിധി വർദ്ധിപ്പിച്ചത് ചുവടെ ചേർക്കുന്നു. |

| | | |
|---|---|---|
| | | തഹസിൽദാർ 25,000/- രൂപ വരെ (പരമാവധി 10 ഗഡുക്കൾ)<br><br>ജില്ലാ കളക്ടർ സർക്കാർ കുടിശ്ശിക -1 ലക്ഷംരൂപ വരെ<br><br>ബാങ്ക് വായ്പാ കുടിശ്ശിക - 2 ലക്ഷം രൂപ വരെ<br><br>റവന്യൂ മന്ത്രി 5 ലക്ഷം രൂപ വരെ<br><br>ധനകാര്യമന്ത്രി 5 ലക്ഷം രൂപ മുതൽ പത്ത് ലക്ഷം രൂപ വരെ<br><br>മുഖ്യമന്ത്രി 10 ലക്ഷം രൂപയ്ക്ക് മുകളിൽ |
| **(സി)** | റവന്യൂ റിക്കവറി വഴി ഈടാക്കുന്നതിന് നോട്ടീസ് നൽകിയിട്ടുള്ള എന്തെല്ലാം കുടിശ്ശികകളാണ് തവണക ളാക്കി നൽകുന്നതിന് വ്യവസ്ഥയില്ലാത്തത്; വിശദാംശം ലഭ്യമാക്കുമോ? | റവന്യൂ റിക്കവറി വഴി ഈടാക്കുന്നതിന് നോട്ടീസ് നൽകിയിട്ടുള്ള കുടിശ്ശികകളിന്മേൽ തവണകളായി നൽകുന്നതിന് ഏതെങ്കിലും ഇനം കുടിശ്ശിക ഒഴിവാക്കുന്നതോ ഉൾപ്പെടുത്തുന്നതോ സംബന്ധിച്ച് പ്രത്യേക വ്യവസ്ഥകളൊന്നും നിലവിലില്ല. അപേക്ഷകന്റെ അർഹതയുടെ അടിസ്ഥാനത്തിലാണ് തവണകൾ അനുവദിച്ചു വരുന്നത്. |

സെക്ഷൻ ഓഫീസർ